**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 621** **06-12-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കാനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കാൻ എന്തൊക്കെ പുതിയ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം അറിയിക്കാമോ; | (എ) | വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ **സംരക്ഷിക്കുന്നതിനും ലാഭകരമാക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും** നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>• സ്ഥാപനങ്ങൾ കൂടുതൽ മത്സരക്ഷമമാക്കുന്നതിന് ഉൽപ്പാദന വിപണന സംവിധാനങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുവാൻ ഓരോ സ്ഥാപനത്തിനും അനുയോജ്യമായ ആധുനികവത്ക്കരണ, വിപുലീകരണ, വൈവിദ്ധ്യവത്ക്കരണ പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള മാസ്റ്റർ പ്ലാനുകൾ രൂപീകരിച്ചിട്ടുണ്ട്.<br>• മാസ്റ്റർ പ്ലാനിന്റെ ഭാഗമായ വ്യവസായ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് മേൽനോട്ടം വഹിക്കാൻ പ്രത്യേക പ്രാവീണ്യമുള്ള വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് സജ്ജമാക്കിയിട്ടുണ്ട്. ടെക്നിക്കൽ, പ്രോജക്ട് എക്സിക്യൂഷൻ, ഫിനാൻസ് എന്നീ മേഖലകളിലേക്കാണ് പ്രസ്തുത വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കിയിരിക്കുന്നത്.<br>• കമ്പനികളുടെ സമഗ്രമായ പുനഃസംഘടനയ്ക്കും സ്വയംഭരണം നല്കുന്നതിനും സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിർദ്ദേശിക്കുന്നതിനും മുൻ ചീഫ് സെക്രട്ടറിയും കെഎസ്.ഐ.ഡി.സി ചെയർമാനുമായ ശ്രീ. പോൾ ആന്റണി ഐ.എ.എസ് (റിട്ട) ചെയർമാനായി ഒരു വിദഗ്ദ്ധ കമ്മിറ്റി |

രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് പരിശോധിച്ചുവരികയാണ്.

- വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മാസം തോറും അവലോകനം ചെയ്ത് വരുന്നുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇന്റേണൽ ആഡിറ്റ് സംവിധാനവും സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.
- വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ സംവിധാനങ്ങളും നടപ്പിലാക്കിവരുന്ന പദ്ധതികളുടെ മേൽനോട്ടത്തിനായി ഓൺലൈൻ വെബ് പോർട്ടൽ ആരംഭിച്ചിട്ടുണ്ട്.
- പരമ്പരാഗത മേഖലയിൽ പ്രവർത്തിക്കുന്ന പൊതുമേഖല സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങളുടെ വിപണനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു e-commerce പോർട്ടൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.
- സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ കൂടുതൽ കാര്യക്ഷമത ഉറപ്പ് വരുത്തുന്നതിനായി അതാത് മേഖലയിൽ വിദഗ്ധരായവരെ കമ്പനി മേധാവികളായി നിയമിക്കുന്നതിനും ഡയറക്ടർ ബോർഡുകളിൽ വിദഗ്ധരെ ഉൾപ്പെടുത്തി ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
- സ്ഥാപനത്തിൽ നൂതന ഇലക്ട്രോണിക് ഗവേണൻസ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.
- ജീവനക്കാരുടെ കാര്യക്ഷമതയും മികവും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളിലെ ചെയർമാൻ, മാനേജിങ് ഡയറക്ടർ ഉൾപ്പെടെയുള്ള ഡയറക്ടർ ബോർഡ് അംഗങ്ങൾക്കും ആവശ്യമായ പരിശീലനം നൽകി വരുന്നു.
- പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മികവിന് അംഗീകാരം നൽകുന്നതിന്റെ ഭാഗമായി ഏറ്റവും മികച്ച സ്ഥാപനം, മാനേജിങ് ഡയറക്ടർ, ജീവനക്കാരൻ, വ്യവസായ മേഖലയെ സംബന്ധിച്ച മികച്ച

| | | | |
|---|---|---|---|
| | | | മാധ്യമ റിപ്പോർട്ടിങ് എന്നീ മേഖലകളിൽ അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഇത് എത്രത്തോളം ഫലപ്രാപ്തിയിൽ വന്നിട്ടുണ്ടെന്ന പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ? | (ബി) | പൊതുമേഖല സ്ഥാപനങ്ങളുടെ സുസ്ഥിരമായ ഭാവി ലക്ഷ്യമിട്ടുകൊണ്ടുള്ള മാസ്റ്റർ പ്ലാൻ പദ്ധതികൾ നടപ്പിലാക്കി തുടങ്ങിയിട്ടേയുള്ളൂ. ഹ്രസ്വകാല-ഇടക്കാല-ദീർഘകാലം എന്ന രീതിയിലാണ് പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നത്. മാസ്റ്റർ പ്ലാൻ പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെയും സർക്കാരിന്റെയും റിയാബിന്റെയും നിരന്തരമായ ഇടപെടലുകളിലൂടെയും, വിവിധ സ്ഥാപനങ്ങൾക്ക് അവയുടെ ആവശ്യകത കണക്കാക്കി സർക്കാർ ധനസഹായം ലഭ്യമാക്കിയതിലൂടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മികവും പ്രവർത്തന ലാഭവും മെച്ചപ്പെട്ടിട്ടുള്ളതായാണ് പൊതുവേ കണക്കാക്കപ്പെട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ